ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.02.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടി'യുടെ ഔദ്യോഗിക ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ നിർവഹിക്കും.

   **Prime Minister Narendra Modi will inaugurate the "India AI Impact Summit" today in New Delhi today.**

2. 'ഇന്തോ-ഫ്രഞ്ച് കാമ്പസ് ഓൺ A I ഇൻ ഗ്ലോബൽ ഹെൽത്ത്' ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മാക്രോണും കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡയും ചേർന്ന് ഉദ്ഘാടനം ചെയ്തു.

   **French President Emmanuel Macron and Union Minister J. P. Nadda inaugurate Indo-French Centre on AI in Global Health.**

3. ഉത്തരവാദിത്ത നിർമിതബുദ്ധി പ്രതിജ്ഞകളിൽ ഗിന്നസ് വേൾഡ് റെക്കോർഡ് സ്ഥാപിച്ച് ഇന്ത്യ.

   **India sets Guinness World Records for highest AI responsibility pledges.**

4. സംസ്ഥാന തദ്ദേശ ദിനാഘോഷം ഇന്ന് സമാപിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.

   **The State Local Self-Government Day celebrations conclude today. Chief Minister Pinarayi Vijayan will inaugurate the closing ceremony.**

5. **പുണ്യമാസത്തിലേക്ക് കടന്ന് വിശ്വാസികൾ. കേരളത്തിൽ റംസാൻ വ്രതാരംഭം ഇന്ന്.**

**As the holy month begins, devotees observe the start of Ramadan fasting in Kerala today.**

6. **ICC പുരുഷ ടി20 ലോകകപ്പിൽ നെതർലാൻഡ്സിനെതിരെ ഇന്ത്യയ്ക്ക് 17 റൺസ് ജയം.**

**In the ICC Men's T20 World Cup, India defeated the Netherlands by 17 runs.**

❁❁❁❁❁❁❁❁❁❁❁❁❁

## PM(INTRO)

ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടി'യുടെ ഔദ്യോഗിക ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹി ഭാരത് മണ്ഡപത്തിൽ നിർവഹിക്കും. ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോൺ, ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ് തുടങ്ങിയവരും ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യും. ലോകമെമ്പാടുമുള്ള ഉന്നത വ്യവസായ നേതാക്കളും പരിപാടിയിൽ സംബന്ധിക്കും.

***ഒരു റിപ്പോർട്ട്***
***(ഹോൾഡ് വോയ്സ്)***

❁❁❁❁❁❁❁❁❁❁❁❁❁

## PM(VOICE)

ഉച്ചയ്ക്ക് നടക്കുന്ന ലീഡേഴ്സ് പ്ലീനറിയിൽ രാഷ്ട്രത്തലവന്മാർ, മന്ത്രിമാർ, ബഹുരാഷ്ട്ര സ്ഥാപനങ്ങലെ മുതിർന്ന പ്രതിനിധികൾ എന്നിവർ സംബന്ധിക്കും. സിഇഒ വട്ടമേശ സമ്മേളനത്തിലും പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പങ്കെടുക്കും. നിക്ഷേപം, ഗവേഷണ സഹകരണം, വിതരണ ശൃംഖലകൾ, എഐ സംവിധാനങ്ങളുടെ വിന്യാസം എന്നിവ ചർച്ച ചെയ്യും. സർവജന ഹിതായ്, സർവ്വജന സുഖായ്, എല്ലാവർക്കും ക്ഷേമം, എല്ലാവരുടെയും സന്തോഷം എന്നിതാണ് ഇന്ത്യ എഐ ഇംപാക്റ്റ് ഉച്ചകോടി 2026 ന്റെ പ്രമേയം . AI മേഖലയിൽ ഇന്ത്യയെ ഒരു നേതാവായി സ്ഥാപിക്കാൻ ലക്ഷ്യമിട്ടാണ് സമ്മേളനം.

ന്യൂസ് ഡസ്ക് ആകാശവാണി....

## PM MEETING

ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ സ്പെയിൻ പ്രസിഡൻറ് പെഡ്രോ സാഞ്ചസ് ഉൾപ്പെടെയുള്ള ലോക നേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിൽ സ്പെയിൻ നൽകുന്ന പിന്തുണകളെ പ്രധാനമന്ത്രി പ്രകീർത്തിച്ചു. ഫിൻലാൻഡ് പ്രധാനമന്ത്രി ആൻറി പെറ്റേരി

ഒർപോ, സെർബിയൻ പ്രസിഡൻറ് അലക്സാണ്ടർ വുചിച്ച്, ക്രൊയേഷ്യൻ പ്രധാനമന്ത്രി അന്ദ്രേ പ്ലെങ്കോവിച്ച്, എസ്റ്റോണിയൻ പ്രസിഡൻറ് ആലാർ കാരിസ് എന്നിവരുമായും പ്രധാനമന്ത്രി ഇന്നലെ കൂടിക്കാഴ്ച നടത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## PM- BHUTAN, KASAKH

ഭൂട്ടാൻ, ഖസാക്കിസ്ഥാൻ നേതാക്കളുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. വ്യാപാരം, പ്രതിരോധം, സുരക്ഷ, ഊർജം, നൂതന സാങ്കേതിക വിദ്യ തുടങ്ങിയവയിലെ സഹകരണം ശക്തമാക്കുന്നതിനുള്ള നടപടികൾ ചർച്ച ചെയ്തു. ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈയുമായും പ്രധാനമന്ത്രി ചർച്ച നടത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## VAISHNAW-AI SUMMIT

വികസിത രാഷ്ട്രത്തിലേക്കുള്ള ഇന്ത്യയുടെ യാത്രയിൽ നിർമ്മിത ബുദ്ധിക്ക് നിർണായക പങ്കുണ്ടെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ന്യൂഡൽഹിയിൽ ഇന്ത്യ ഇംപാക്ട് ഉച്ചകോടിയുമായി ബന്ധപ്പെട്ട് വിദഗ്ദ്ധരുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. നിർമ്മാണ സാങ്കേതികവിദ്യയ്ക്കാണ് ഇന്ത്യയുടെ നിർമ്മിത ബുദ്ധി

മുൻഗണന നൽകുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു. AI for Manufacturing, Engineering Technology എന്ന വിഷയത്തിൽ ധവളപത്രവും ശ്രീ അശ്വിനി വൈഷ്ണവ് പുറത്തിറക്കി.

## MEITY-AI EXPO

ഇന്ത്യ AI ഇംപാക്ട് എക്സ്പോ മറ്റന്നാൾ വരെ നീട്ടി. എക്സിബിറ്റർമാർ, ഇന്നൊവേറ്റർമാർ, സന്ദർശകർ എന്നിവരിൽ നിന്നുള്ള അനുകൂല പ്രതികരണം കണക്കിലെടുത്താണ് തീരുമാനമെന്ന് ഇലക്ട്രോണിക്സ് & ഐ ടി മന്ത്രാലയം അറിയിച്ചു. നാളെയും മറ്റന്നാളും രാത്രി 8 മണി വരെ എക്സ്പോ തുറന്നിരിക്കും. ഇന്ന് എക്സ്പോയിലേക്ക് ക്ഷണിതാക്കൾക്ക് മാത്രമായിരിക്കും പ്രവേശനം.

## STEEL-AI SUMMIT

ഇന്ത്യയുടെ സ്റ്റീൽ ഉപഭോഗം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 77 ദശലക്ഷം ടണ്ണിൽ നിന്ന് 152 ദശലക്ഷം ടണ്ണായി ഉയർന്നതായി സ്റ്റീൽ മന്ത്രാലയം . ഇന്ത്യയുടെ ക്രൂഡ് സ്റ്റീൽ ശേഷി 2030 ഓടെ 300 ദശലക്ഷം ടണ്ണിലേക്ക് എത്തുമെന്ന് പ്രതീക്ഷിക്കുന്നതായും ഇന്ത്യ എഐ ഇംപാക്റ്റ് ഉച്ചകോടിയിൽ സ്റ്റീൽ മന്ത്രലായ സെക്രട്ടറി സന്ദീപ് പോൗണ്ടിക്ക് പറഞ്ഞു.

## WORLD RECORD

ഉത്തരവാദിത്ത നിർമിതബുദ്ധി പ്രതിജ്ഞകളിൽ ഗിന്നസ് വേൾഡ് റെക്കോർഡ് സ്ഥാപിച്ച് ഇന്ത്യ. ഇന്ത്യ AI ഇമ്പാക്ട് ഉച്ചകോടിയുടെ മൂന്നാം ദിവസം 24 മണിക്കൂറിനുള്ളിൽ 2 ലക്ഷത്തി 50 ആയിരത്തിലധികം വിദ്യാർഥികൾ പ്രതിജ്ഞ ചെയ്തതായി കേന്ദ്ര മന്ത്രി അശ്വനി വൈഷ്ണവ് അറിയിച്ചു. നിർമിതബുദ്ധിയുടെ ഉത്തരവാദിത്തപരമായ ഉപയോഗത്തെ കുറിച്ച് വർധിച്ചു വരുന്ന അവബോധത്തെ ഇത് പ്രതിഫലിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇൻ്റൽ ഇന്ത്യയുമായി സഹകരിച്ച് ഇന്ത്യഎഐ മിഷൻ്റെ കീഴിലായിരുന്നു രാജ്യവ്യാപകമായ എഐ ഉത്തരവാദിത്വ പ്രതിജ്ഞാ കാമ്പെയ്ൻ സംഘടിപ്പിച്ചത്.

## NEW PREZ-IFR REVIEW(INTRO)

സ്ഥിരതയുള്ള സമുദ്രക്രമം ഉറപ്പാക്കുന്നതിന് രാജ്യങ്ങൾ തമ്മിലുള്ള ഐക്യം, വിശ്വാസം, കൂട്ടായ ഉത്തരവാദിത്തം എന്നിവയ്ക്ക് ഏറെ പ്രാധാന്യമുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് അന്താരാഷ്ട്ര ഫ്ലീറ്റ് റിവ്യൂവിൽ നാവികസേനയുടെ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു രാഷ്ട്രപതി. സുരക്ഷ, സമൃദ്ധി

തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മഹാസാഗർ ദർശനത്തെ കുറിച്ചും രാഷ്ട്രപതി പരാമർശിച്ചു.

(voice)

❁❁❁❁❁❁❁❁❁❁❁❁❁

**MACRON NADDA AIIMS**

ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മാക്രോണും കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡയും ഇന്നലെ ന്യൂഡൽഹിയിലെ എയിംസിൽ 'ഇന്തോ-ഫ്രഞ്ച് കാമ്പസ് ഓൺ A I ഇൻ ഗ്ലോബൽ ഹെൽത്ത്' ഉദ്ഘാടനം ചെയ്തു. ആഗോള ആരോഗ്യ മേഖലയിൽ നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്തുന്നതിനുള്ള ഇന്ത്യ- ഫ്രാൻസ് സഹകരണം ഇത് ശക്തിപ്പെടുത്തും. ആരോഗ്യ സംരക്ഷണ രംഗത്തെ നിർമ്മിത ബുദ്ധി അധിഷ്ഠിത പരിഹാരങ്ങൾ, ഗവേഷണം, നൈപുണ്യ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം അന്താരാഷ്ട്ര പങ്കാളിത്തവും അക്കാദമിക് മികവും വളർത്തിയെടുക്കുകയാണ് ലക്ഷ്യം.

❁❁❁❁❁❁❁❁❁❁❁❁❁

**AMERICA-INDIA CONNECT(INTRO)**

ഇന്ത്യയെ അമേരിക്കയുമായി കടലിനടിയിലൂടെ കേബിളുകൾ വഴി ബന്ധിപ്പിക്കുന്ന അമേരിക്ക-ഇന്ത്യ കണക്റ്റ് ശൃംഖല പ്രഖ്യാപിച്ച് ഗൂഗിൾ. അടുത്ത 5 വർഷത്തിനുള്ളിൽ 15 ബില്യൺ ഡോളർ നിക്ഷേപത്തിൽ സഹകരണ

അടിസ്ഥാനതിലാവും സൗകര്യം വികസിപ്പിക്കുക. ഇന്ത്യയെ സിംഗപ്പൂർ, ദക്ഷിണാഫ്രിക്ക, ഓസ്ട്രേലിയ എന്നിവയുമായി ബന്ധിപ്പിക്കുന്ന മൂന്ന് പുതിയ സബ്-സീ പാതകളും നാല് തന്ത്രപ്രധാനമായ ഫൈബർ-ഒപ്റ്റിക് റൂട്ടുകളും സ്ഥാപിക്കുമെന്നും ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈ ഇന്ത്യ എഐ ഇംപാക്റ്റ് ഉച്ചകോടിയിൽ പറഞ്ഞു. ***(ഹോൾഡ് വോയിസ്)***

❋❋❋❋❋❋❋❋❋❋❋❋❋

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഞായറാഴ്ച. പരിപാടിയുടെ 131-ാാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നാളെ വരെ അറിയിക്കാം.

❋❋❋❋❋❋❋❋❋❋❋❋❋

**M B RAJESH**

കണ്ണൂരിൽ നടക്കുന്ന സംസ്ഥാന തദ്ദേശ ദിനാഘോഷം ഇന്ന് സമാപിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. പ്രതിനിധി സമ്മേളനം മന്ത്രി

M B രാജേഷ് ഉദ്ഘാടനം ചെയ്യും. സ്വരാജ് ട്രോഫി, മഹാത്മ പുരസ്കാരം, ഉൾപ്പെടെയുള്ള അവാർഡുകൾ സമാപന സമ്മേളനത്തിൽ മുഖ്യമന്ത്രി സമ്മാനിക്കും.

**RAMZAN**

കേരളത്തിൽ റംസാൻ വ്രതാരംഭം ഇന്ന്. സംസ്ഥാനത്തെ പള്ളികളിൽ ഇന്നലെ മുതൽ റംസാൻ പ്രാർത്ഥനകൾക്ക് തുടക്കമായി. ഒമാൻ ഒഴികെ ഗൾഫ് നാടുകളിൽ ഇന്നലെ വ്രതം ആരംഭിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങൾക്ക് റംസാൻ ആശംസകൾ നേർന്നു. റംസാൻ മാസം സമൂഹത്തിൽ ഐക്യം വർദ്ധിപ്പിക്കട്ടെയെന്ന് ആശംസിച്ച പ്രധാനമന്ത്രി എല്ലായിടത്തും സമാധാനവും സമൃദ്ധിയും ഉണ്ടാകട്ടെയെന്നും സമൂഹമാധ്യമത്തിൽ കുറിച്ചു.

**WB–ECI**

പശ്ചിമ ബംഗാളിൽ എസ് ഐ ആർ പ്രക്രിയയുടെ ഭാഗമായി വോട്ടർമാരുടെ രേഖകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിൽ പരാജയപ്പെട്ട ഇലക്ടറൽ

രജിസ്ട്രേഷൻ ഓഫീസർമാർക്കും , അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും കാരണം കാണിക്കൽ നോട്ടീസ് നൽകുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഹിയറിംഗ് പൂർത്തിയായപ്പോൾ ഒരു ലക്ഷത്തി പതിനയ്യായിരം രേഖകൾ ഇനിയും അപ്‌ലോഡ് ചെയ്യാനുണ്ടെന്ന് കമീഷൻ വ്യക്തമാക്കി. ഒരു അപേക്ഷ നിരസിക്കപ്പെട്ടാൽ, കാരണം വ്യക്തമാക്കണമെന്ന് കമ്മീഷൻ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇത് ലംഘിക്കപ്പെട്ടതായി കമീഷൻ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## KERALA – SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ പുരോഗമിക്കുന്നു. അന്തിമ വോട്ടർ പട്ടിക മറ്റന്നാൾ പ്രസിദ്ധീകരിക്കും. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ടതിന് ശേഷം തെറ്റുകൾ കണ്ടെത്തിയതിനെ തുടർന്ന് നോട്ടീസ് നൽകിയവർക്കുള്ള ഹിയറിംഗ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## CRICKET

ICC പുരുഷ ടി20 ലോകകപ്പിൽ നെതർലാൻഡ്സിനെതിരെ ഇന്ത്യയ്ക്ക് 17 റൺസ് ജയം. ഇന്നലെ അഹമ്മദാബാദിലെ

നരേന്ദ്ര മോദി സ്റ്റേഡിയത്തിലായിരുന്നു മത്സരം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 193 റൺസ് നേടി. ശിവം ദുബെ 31 പന്തിൽ നിന്നും 66 റൺസ് നേടി. മറുപടി ബാറ്റിങ്ങിൽ നെതർലാൻഡ്സ് ഏഴ് വിക്കറ്റ് നഷ്ടത്തിൽ 176 റൺസ് നേടി. സൂപ്പർ 8- ലെ ആദ്യ മത്സരത്തിൽ ഞായറാഴ്ച ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേടും.

## WOMENS T20 CRICKET

വനിതാ ടി -20 ക്രിക്കറ്റിൽ, ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. കാൻബറയിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1:45 നാണ് മത്സരം . സിഡ്നിയിൽ നടന്ന ആദ്യ ടി 20 യിൽ ഇന്ത്യ ഓസ്ട്രേലിയയെ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു .